പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 10 8.6.2015 ൽ മറുപടിയ്ക്ക്

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

ചോദ്യം

ശ്രീ.കെ.രാജു.

മറുപടി

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കരുതൽ 2014 ന്റെ നടത്തിപ്പിനും ഒരുക്കങ്ങൾക്കുമായി കൊല്ലം ജില്ലയിൽ എത്ര ലക്ഷം രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | എ) 2014 ൽ ജനസമ്പർക്ക പരിപാടി നടത്തിയിട്ടില്ല. കൊല്ലം ജില്ലയിൽ നടത്തിയ കരുതൽ 2015-ന്റെ നടത്തിപ്പിനും ഒരുക്കങ്ങൾക്കുമായി ചെലവായ തുക സംബന്ധിച്ച് അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെയും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ഇപ്പോൾ ലഭ്യമായ കണക്കുപ്രകാരം 36,63,277/- രൂപ (മുപ്പത്തിയാറുലക്ഷത്തി അറുപത്തിമൂവായിരത്തി ഇരുനൂറ്റി എഴുപത്തിയേഴ് രൂപ) ചെലവായിട്ടുണ്ട്. |
| ബി) എത്ര അപേക്ഷകളാണ് ജനസമ്പർക്ക പരിപാടിയിൽ ആകെ ലഭിച്ചതെന്നും ഇതിൽ എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചു എന്നും ഇനി എത്ര എണ്ണത്തിൽ തീർപ്പ് കൽപ്പിക്കാൻ ഉണ്ടെന്നും വ്യക്തമാക്കുമോ? | ബി) ആകെ ലഭിച്ച 49,985 അപേക്ഷകളിൽ 16,192 അപേക്ഷകൾ തീർപ്പുകല്പിച്ചു ബാക്കിയുള്ള 33,793 അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ